## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1551 06-03-2020 ൽ മറുപടിയ്ക്ക്

### നൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങളുടെ (സി.സി.എം.വൈ) പ്രവർത്തനരീതി വിശദീകരിക്കാമോ; | (എ) | ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് കീഴിൽ നിലവിൽ 23 പരിശീലന കേന്ദ്രങ്ങളും 28 പരിശീലന ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ പി.എസ്.സി, യു.പി.എസ്.സി പരീക്ഷകളിലേയ്ക്കുള്ള പരിശീലനമാണ് നൽകുന്നത്. എല്ലാ വർഷവും ജനുവരി മാസത്തിലും ജൂലൈ മാസത്തിലും പുതിയ ബാച്ച് പ്രവർത്തനം ആരംഭിക്കുന്നു. 6 മാസമാണ് കോഴ്സിന്റെ കാലാവധി. എസ്.എസ്.എൽ.സി അടിസ്ഥാന യോഗ്യതയുള്ള പരീക്ഷയ്ക്കുള്ള റഗുലർ ബാച്ചും ഹോളിഡേ ബാച്ചും ഡിഗ്രി അടിസ്ഥാന യോഗ്യതയുള്ള പരീക്ഷകൾക്കുള്ള റഗുലർ ബാച്ചുമാണ് പരിശീലന കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നത്. കോഴ്സ് കഴിഞ്ഞുപോയവർക്ക് കമ്പയിൻഡ്സ്റ്റഡിയ്ക്കുള്ള അവസരവും നൽകുന്നുണ്ട്. കൂടാതെ പ്രീമാരിറ്റൽ കൗൺസിലിംഗ്, കരിയർ ഗൈഡൻസ് ക്ലാസുകൾ എന്നിവയും യുവജന പരിശീലന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. |
| (ബി) | സർക്കാർ ജോലികൾക്കുൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്ക് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങളെ തയ്യാറെടുപ്പിക്കുന്നതിനു പ്രസ്തുത കേന്ദ്രങ്ങൾ വഴി വിദഗ്ധ പരിശീലനം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ ജോലികൾക്കുൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനായുള്ള പരിശീലനം ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം വഴി നൽകുന്നുണ്ട്. ഫിസിക്കൽ ടെസ്റ്റ് വേണ്ടി വരുന്ന പരീക്ഷകൾക്ക് ഫിസിക്കൽ ട്രെയിനിംഗും നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ ഇത്തരം കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ